# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

**2013-14 ലെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ**

4770 ശ്രീ. എം. എ. ബേബി
,, ബാബു എം. പാലിശ്ശേരി
,, എം. ഹംസ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ എല്ലാം നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ടോ;

(ബി) ഏതെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത്; ഇപ്പോഴും നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെ;

(സി) നാളികേര തോട്ടങ്ങളുടെ പുനരുജ്ജീവനവും പുനർനടീലും പൈലറ്റ് പദ്ധതി സംസ്ഥാനത്തുടനീളം നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) കേരളത്തിന് ഏതെല്ലാം പദ്ധതികൾക്ക് എന്തു തുക വകയിരുത്തപ്പെട്ടു; അവയുടെ വിനിയോഗം സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

കാര്‍ഷികവിളകളുടെ ഉത്പാദനം

4771 ശ്രീ. എ. കെ. ബാലന്‍
'' ഇ. പി. ജയരാജന്‍
'' കെ. കെ. ജയചന്ദ്രന്‍
'' എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ കാര്‍ഷിക വിളകളുടെ വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവയുടെ പ്രവണതകളും നേട്ടകോട്ടങ്ങളും സര്‍ക്കാര്‍ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം വിളകളുടെ വിസ്തൃതിയില്‍ മുന്‍വര്‍ഷത്തില്‍ കുറവുണ്ടായിട്ടുണ്ട്;

(സി) ഉല്പാദനത്തില്‍ കുറവുവന്ന പ്രധാന ഭക്ഷ്യവിളകള്‍ ഏതെല്ലാമാണ്;

(ഡി) ഭക്ഷ്യവിളകളില്‍ ഉല്പാദനക്ഷമത 2011-12 നെ അപേക്ഷിച്ച് 2012-13 ല്‍ കുറഞ്ഞുപോയവ ഏതെല്ലാമാണ്; ഇതിനുള്ള കാരണങ്ങള്‍ പരിശോധിച്ചിട്ടുണ്ടോ;

(ഇ) വിസ്തൃതിയും ഉല്പാദനവും ഉല്പാദനക്ഷമതയും വര്‍ദ്ധിപ്പിക്കാന്‍ നിലവിലുള്ളതില്‍ നിന്നും വ്യത്യസ്തമായി എന്തെങ്കിലും ഫലപ്രദമായ നടപടി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കില്‍ വിശദമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കാര്‍ഷികമേഖലയിലെ ഉല്‍പാദനച്ചെലവിന്റെ വര്‍ദ്ധന</u>

4772 ശ്രീമതി കെ.കെ. ലതിക
ശ്രീ. വി. ചെന്താമരാക്ഷന്‍
,, ബി.ഡി. ദേവസ്സി
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഉല്‍പന്നങ്ങളുടെ തുടര്‍ച്ചയായുള്ള വിലക്കുറവുമൂലം ഏതെങ്കിലും വിളകളുടെ കാര്‍ഷിക ഉല്‍പാദനരംഗത്തു നിന്നും കര്‍ഷകര്‍ പിന്തിരിഞ്ഞു പോകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉല്‍പാദനപ്രദേശങ്ങളുടെ വിസ്തൃതിയിലും ഉല്‍പാദനത്തിലും കുറവ് സംഭവിച്ചുകൊണ്ടിരിക്കുന്ന വിളകളുടെ അടിസ്ഥാനത്തില്‍ ഇതുസംബന്ധിച്ച് വിശദമാക്കാമോ;

(സി) ഉല്‍പാദനച്ചെലവ് വര്‍ദ്ധിക്കുന്നതിനനുസരിച്ച് വില വര്‍ദ്ധിക്കാത്ത വിളകള്‍ ഏതെല്ലാമാണ്; രാസവളങ്ങള്‍ക്കുള്‍പ്പെടെ കൃഷിക്കാരന്റെ ചെലവ് വര്‍ദ്ധിച്ചുകൊണ്ടിരിക്കുന്ന ഘടകങ്ങള്‍ ഏതെല്ലാമാണ്;

(ഡി) കേന്ദ്രസര്‍ക്കാരിന്റെ കാര്‍ഷികരംഗത്തെ ഏതെല്ലാം നയങ്ങളാണ് സംസ്ഥാനത്തെ കൃഷി വികസനത്തിന് വിനാശകരമായി മാറിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇത് മാറ്റിക്കിട്ടുന്നതിന് എന്തെല്ലാം ശ്രമങ്ങള്‍ നടത്തുകയുണ്ടായി; വിശദമാക്കാമോ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

വരൾച്ച, കാലവർഷ കെടുതികളിൽ നിന്നും കർഷകരെ രക്ഷിക്കാൻ പ്രത്യേക പാക്കേജ്

4773 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ വരൾച്ചയും ഈ വർഷമുണ്ടായ കാലവർഷവും കാർഷിക രംഗത്ത് എത്ര രൂപയുടെ നഷ്ടമുണ്ടാക്കി എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) കാലാവസ്ഥാ വ്യതിയാനം, വരൾച്ച, കാലവർഷം എന്നിവയുടെ കെടുതികളിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ് ഉണ്ടാക്കുമോ;

(സി) സംസ്ഥാനത്തിന്റെ കാർഷിക രംഗത്തെ മുന്നേറ്റത്തിന് വഴിയൊരുക്കുവാൻ പ്രത്യേക കാർഷിക പാക്കേജുകൾ കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>മാതൃകാ കർഷകർക്കുള്ള സഹായ പദ്ധതി</u>

4774 ശ്രീ.വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരഞ്ഞെടുത്ത മാതൃകാ കർഷകർക്കായി സഹായപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതിയനുസരിച്ച് എന്തെല്ലാം ധനസഹായമാണ് നൽകുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>രാസവളങ്ങളുടെ വിലനിയന്ത്രണാധികാരം</u>

4775 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കെ. സുരേഷ് കുറുപ്പ്
,, എസ്. രാജേന്ദ്രൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010 ഏപ്രിൽ 1 മുതൽ രാസവളങ്ങളുടെ വില നിയന്ത്രണാധികാരം നിർമ്മാണകമ്പനികൾക്ക് വിട്ടുനൽകിയത് സംസ്ഥാനത്തെ കൃഷിക്കാരെ ഏതെല്ലാം നിലയിൽ ബാധിക്കുകയുണ്ടായി എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) കാർഷിക ഉൽപന്നങ്ങളുടെ വിലക്കുറവും സംഭരണമില്ലായ്മയുംമൂലം പ്രതിസന്ധിയിലായിരുന്ന കർഷകർക്ക് രാസവളങ്ങളുടെ അടിക്കടിയുള്ള വില വർദ്ധന കൂടിയായപ്പോൾ നിലനിൽപ്പ് തന്നെ ഇല്ലാതായെന്ന് അറിയാമോ;

(സി) ഈ സാഹചര്യത്തിൽ കർഷകർക്ക് സമാശ്വാസം ഉറപ്പാക്കാൻ പുതിയ എന്തെങ്കിലും പരിപാടി സർക്കാരിനുണ്ടോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

2014 – 15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാർഷിക പദ്ധതികൾ

4776 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ പരിരക്ഷയ്ക്കായി 2014–15 ബഡ്ജറ്റിൽ എന്തെല്ലാം പദ്ധതികളാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(ബി) ഇതിൽ രാസവളങ്ങളുടെ വിലനിലവാരം നിയന്ത്രിക്കാൻ എന്തെല്ലാം പദ്ധതികളാണുള്ളത്; വ്യക്തമാക്കാമോ;

(സി) 2014 –15 ൽ നിറവ് പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിൽ പുതുതായി എത്ര മണ്ഡലങ്ങളെ ഉൾപ്പെടുത്തുന്നുണ്ട്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

കാർഷിക വികസന കമ്മീഷൻ റിപ്പോർട്ട്

4777 ശ്രീ. സി. കെ. നാണു
,, ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം രൂപീകരിച്ച കാർഷിക വികസന കമ്മീഷന്റെ ചെയർമാനും അംഗങ്ങളും ആരല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷിക വികസന കമ്മീഷൻ അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോൾ; റിപ്പോർട്ടിന്റെ പകർപ്പ് എം.എൽ.എ മാർക്കുപോലും വിതരണം നടത്താതിരുന്നതിന്റെ കാരണമെന്താണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിയാത്തതായിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് കമ്മീഷൻ അംഗങ്ങളുമായി സർക്കാർ ചർച്ച ചെയ്തിട്ടുണ്ടോ;

(ഡി) കാർഷിക വികസന കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് കൃഷിഭവന്റെ നേതൃത്വത്തിൽ കർഷകരുടെ യോഗം വിളിച്ച് വിപുലമായ ചർച്ചകൾ നടത്തുവാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>'രാഷ്ട്രീയ കൃഷി വികാസ് യോജന' യ്ക്കു വേണ്ടി അനുവദിച്ച തുക</u>

4778 ശ്രീ. സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു ടി. തോമസ്
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'രാഷ്ട്രീയ കൃഷി വികാസ് യോജന' യ്ക്കു വേണ്ടി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഓരോ വർഷവും എത്ര രൂപയ്ക്ക് വീതമാണ് സർക്കാർ പ്രൊപ്പോസൽ അയച്ചത് ; അതിൽ എത്ര രൂപ ഓരോ വർഷവും അനുവദിച്ചു ; അതിൽ ഓരോ വർഷവും എത്ര തുക ചിലവഴിച്ചു ; മേൽപ്പറഞ്ഞ പ്രൊപ്പോസലിനെ ക്കുറിച്ചുള്ള വിശദ വിവരങ്ങൾ നൽകുമോ ;

(ബി) തമിഴ്നാട്, കർണ്ണാടകം, ആന്ധ്ര, ഗുജറാത്ത്, മഹാ രാഷ്ട്ര എന്നീ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടു ത്തുമ്പോൾ ഇതിൽ എത്ര രൂപയുടെ കുറവാണ് സംസ്ഥാ നത്തിന് ഉണ്ടായിട്ടുള്ളതെന്ന് അറിയാമോ ;

(സി) ഇക്കാര്യത്തിൽ തുക കുറയാനുള്ള കാരണങ്ങൾ വ്യക്ത മാക്കുമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്
ജനശ്രീയുടെ ആഭിമുഖ്യത്തിൽ ജൈവ ബസാറുകൾ

4779 ശ്രീ. സി. പി. മുഹമ്മദ്
,, വി. റ്റി. ബൽറാം
,, വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയനുസരിച്ച് സബ്സിഡിയോടെ ജനശ്രീയുടെ ആഭിമുഖ്യത്തിൽ ജൈവ ബസാറുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതി നടത്തിപ്പിനായി നൽകാനുദ്ദേശിക്കുന്നത്;

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

'കിസാൻ അഭിമാൻ' പദ്ധതി

4780 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 'കിസാൻ അഭിമാൻ' പദ്ധതി പ്രകാരം കർഷകർക്ക് എത്ര രൂപ വിതരണം ചെയ്തുവെന്ന് വിശദമാക്കാമോ;

(ബി) 2013 ജനുവരി മുതൽ ഡിസംബർ വരെ ഇതിനായി എത്ര തുക ചിലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>കർഷകർക്ക് ക്ഷേമനിധി</u>

4781 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ്; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കർഷകർക്ക് പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; എത്ര രൂപയാണ് പെൻഷനായി നൽകുന്നത്; പെൻഷൻ പദ്ധതിയിൽ അംഗമാകുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെ; അപേക്ഷകളുടെ മാതൃകകളും വിശദാംശങ്ങളും സഹിതം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിന്റെ പ്രവർത്തനങ്ങൾ</u>

4782 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, കെ. അജിത്
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിനു വേണ്ടി കൃഷി വകുപ്പ് എത്ര തുക ചിലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടനാട് പാക്കേജിന്റെ പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുന്നെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) 2011 മേയ് മാസത്തിനു ശേഷം എത്ര തവണ പ്രോസ്പിരിറ്റി കൗൺസിൽ യോഗം ചേർന്നിട്ടുണ്ട്; ഇതിന്റെ ഭാഗമായി എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുളളതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ</u>

4783 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് ഇതിനകം ഭരണാനുമതി നൽകിയെന്നും ഏതൊക്കെ പ്രവൃത്തികൾ നടപ്പിലാക്കിയെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

വയനാട് പാക്കേജ് പ്രകാരം നടപ്പാക്കിയ പദ്ധതികൾ

4784 ശ്രീ. പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ വയനാട് പാക്കേജ് പ്രഖ്യാപിച്ചതെന്നാണ്; എത്ര രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചത്;

(ബി) കാർഷിക, ക്ഷീര, ആരോഗ്യ മേഖലകളിൽ എത്ര രൂപയുടെ വീതം പദ്ധതികളാണ് പ്രഖ്യാപിച്ചത്; ഈ ഓരോ മേഖലയിലും ഇതിന്റെ ഭാഗമായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; മറ്റേതെല്ലാം മേഖലകളിൽ എത്ര രൂപയുടെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

കാസറഗോഡ് ജില്ലക്ക് കാർഷിക പാക്കേജിനായി അനുവദിച്ച നബാർഡ് ഫണ്ട്

4785 ശ്രീ.എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക പാക്കേജിനുള്ള നബാർഡിന്റെ ഫണ്ടിൽ നിന്നും കാസറഗോഡ് ജില്ലക്ക് എന്ത് തുക അനുവദിച്ചു; വ്യക്തമാക്കുമോ;

(ബി) ഫണ്ട് അനുവദിച്ചത് ഏതെല്ലാം പ്രവൃത്തികൾക്കായിരുന്നു;

(സി) ഫണ്ട് അനുവദിക്കപ്പെട്ട പ്രവൃത്തികൾ മുഴുവനും പൂർത്തീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഓരോ പ്രവൃത്തിയുടെയും ഇപ്പോഴത്തെ അവസ്ഥ എന്തെന്നും പ്രസ്തുത പ്രവൃത്തികളോരോന്നും എന്ന് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

വിദ്യാലയങ്ങളിൽ കാർഷിക വികസന പദ്ധതി

4786 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ കാർഷിക വികസന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ എത്ര വിദ്യാലയങ്ങളിൽ പദ്ധതി നടപ്പിലാക്കുമെന്ന് അറിയിക്കുമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് സ്കൂളുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കർഷക ആത്മഹത്യ തടയാൻ നടപടി</u>

4787 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷക ആത്മഹത്യ തടയുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കർഷക ആത്മഹത്യകൾ നടന്നുവെന്നുള്ള കണക്ക് ലഭ്യമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ കടാശ്വാസ ധനസഹായ വിതരണം</u>

4788 ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിളനാശംമൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് കടാശ്വാസ കമ്മീഷൻ നിർദ്ദേശിച്ച ആശ്വാസ ധനസഹായം ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ ഇത്തരത്തിലുള്ള എത്ര കർഷകർക്ക് ധനസഹായം ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ;

(സി) കമ്മീഷൻ മുമ്പാകെ തീരുമാനം പ്രതീക്ഷിച്ച് വൈപ്പിൻ മണ്ഡലത്തിലെ എത്ര അപേക്ഷകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) യഥാസമയം ധനസഹായം ലഭിക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>നാമമാത്ര കർഷകർക്ക് സൗജന്യമായി വൈദ്യുതി നല്കുന്ന പദ്ധതി</u>

4789 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, പി. ഉബൈദുള്ള
,, സി. മോയിൻകുട്ടി
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാമമാത്ര കർഷകർക്ക് സൗജന്യവൈദ്യുതി നല്കുന്ന പദ്ധതിയുടെ ആനുകൂല്യം ഇപ്പോഴും കർഷകർക്ക് ലഭിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി പ്രകാരം കണക്ഷൻ നല്കുന്നതിനുള്ള മാനദണ്ഡവും പ്രതിമാസ വൈദ്യുതി ചാർജ് വൈദ്യുതി ബോർഡിൽ നല്കുന്നതിനുള്ള സംവിധാനവും എന്താണെന്ന് വിശദമാക്കുമോ;

(സി) വൈദ്യുതി ചാർജ് നല്കുന്ന കാര്യത്തിൽ കുടിശ്ശികയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

കർഷകർക്ക് സൗജന്യ വൈദ്യുതി പദ്ധതി

4790 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എത്ര കർഷകർക്ക് സൗജന്യ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കർഷകർക്ക് നൽകിവരുന്ന സൗജന്യ വൈദ്യുതി പദ്ധതി തുടരുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിയിൽ വിള ഇൻഷ്വറൻസ് നഷ്ടപരിഹാരം</u>

4791 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ചമൂലം കൃഷി നശിച്ചതിന് നഷ്ടപരിഹാരത്തിനായി പാലക്കാട് ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചു; അതിൽ എത്രയെണ്ണം തീർപ്പുകല്പിച്ചു; എത്രയെണ്ണം നിരസിച്ചു; എത്രയെണ്ണത്തിൽ തീർപ്പുകല്പിക്കാനുണ്ട്; വിശദാംശം അസംബ്ലി മണ്ഡലാടിസ്ഥാനത്തിൽ നൽകാമോ;

(ബി) വിള ഇൻഷ്വറൻസ് ചെയ്ത കർഷകർക്ക് വിളനഷ്ടം ഉണ്ടായപ്പോൾ നഷ്ടപരിഹാരം ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ലഭ്യമാക്കി നൽകുന്നതിൽ കാലതാമസം ഉണ്ടായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇൻഷ്വറൻസ് തുക അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) വിള ഇൻഷ്വറൻസ് തുക ലഭിയ്ക്കുന്നതിനായി എത്ര അപേക്ഷകൾ കുടിശ്ശിക ഉണ്ട്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ കർഷകർക്ക് വിള ഇൻഷ്വറൻസ് തുക നൽകാൻ നടപടി</u>

4792 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കർഷകർ 2012-13 വർഷത്തെ രണ്ടാം വിളയ്ക്കായി വിവിധ ബാങ്കുകളിൽ നിന്നും കാർഷിക വായ്പ എടുത്തതിന്റെ 'വിള ഇൻഷ്വറൻസ്' നാളിതുവരെ ലഭിച്ചില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) വിള നാശം സംഭവിച്ച കർഷകർക്ക് യഥാസമയം ലഭിക്കേണ്ട വിള ഇൻഷ്വറൻസ് വൈകാനുണ്ടായ സാഹചര്യം സർക്കാർ വിശദമാക്കുമോ;

(സി) കാർഷിക ഇൻഷ്വറൻസിനായി എത്ര ശതമാനം പ്രീമിയമാണ് സർക്കാർ അടക്കേണ്ടത് എന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രീമിയം തുക യഥാസമയം അടക്കുന്നതിൽ സർക്കാരിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വർഷത്തെ പ്രീമിയമാണ് അടക്കുവാനുള്ളത്; ഇതിനായി എത്ര തുക ആവശ്യമായി വരുമെന്ന് വിശദമാക്കുമോ;

(ഇ) കർഷകർക്കുള്ള വിള ഇൻഷ്വറൻസ് തുക അടിയന്തരമായി നൽകാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>പടന്നക്കാട് കാർഷിക കോളേജിലെ അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ</u>

4793 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പടന്നക്കാട് കാർഷികകോളേജിൽ ഏതെല്ലാം അദ്ധ്യാപക തസ്തികകളിലാണ് ഒഴിവുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2013 ജൂലൈ മാസത്തിന് ശേഷം ഏതെല്ലാം അദ്ധ്യാപക തസ്തികകളിലാണ് നിയമനം നടത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>ആറളം ഫാമിലെ കമ്പനി കൃഷിക്ക് ഉപയോഗിച്ച</u>
<u>കീടനാശിനികളും രാസവളങ്ങളും</u>

4794 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറളം ഫാമിലെ കമ്പനിക്ക് പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ഓരോ വർഷവും എത്ര രൂപാ വീതം ലഭിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ആറളം ഫാമിലെ കമ്പനി കൃഷിക്കായി 2010 മുതൽ 2013 വരെ ഓരോ വർഷവും എത്ര രൂപയുടെ രാസവളവും കീടനാശിനിയും ഉപയോഗിച്ചുവെന്ന് വിശദീകരിക്കാമോ;

(സി) ഏതെല്ലാം കീടനാശിനികളും രാസവളങ്ങളും എത്ര കിലോ വീതമാണ് ഓരോ വർഷവും ഉപയോഗിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം കൃഷിക്കായി ഏതെല്ലാം രാസവളവും കീടനാശിനിയും ഉപയോഗിച്ചുവെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ചാലക്കുടി മണ്ഡലത്തിലെ കൂടപ്പുഴ അഗ്രോ റിസർച്ച് സ്റ്റേഷൻ</u>

4795

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കൂടപ്പുഴ അഗ്രോ റിസർച്ച് സ്റ്റേഷന് വാട്ടർ ടെക്നോളജി സെന്റർ സ്ഥാപിക്കുന്നതിനായും ഗവേഷണത്തിനായും തുക അനുവദിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച മുഴുവൻ തുകയും ലഭ്യമാക്കുന്നതിനും, പ്രസ്തുത പ്രോജക്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ഏലത്തൂർ നിയോജകമണ്ഡലത്തിൽ നിറവ് പദ്ധതി</u>

4796 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിൽ സംസ്ഥാനത്ത് എത്ര നിയോജകമണ്ഡങ്ങളെയാണ് "നിറവ് പദ്ധതിയിൽ" ഉൾപ്പെടുത്താൻ തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ ;

(ബി) "നിറവ് പദ്ധതിയിൽ" ഉൾപ്പെടുത്തി ഏലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>നിറവ് പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡം</u>

4797 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'നിറവ്' പദ്ധതിയിലേയ്ക്ക് നിയോജകമണ്ഡലങ്ങളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം വിശദമാക്കാമോ;

(ബി) ഇതുവരെ എത്ര നിയോജകമണ്ഡലങ്ങളെ ഈ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) പട്ടികജാതി-പിന്നാക്ക വിഭാഗത്തിലുള്ള കർഷകർ കൂടുതലുള്ള ആറ്റിങ്ങൽ നിയോജകമണ്ഡലത്തെ ഈ പദ്ധതിയിലേയ്ക്ക് ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ മണ്ഡലത്തെ പരിഗണിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

## ഇ-പേമെന്റ് വഴി കർഷകർക്ക് ലഭിക്കേണ്ട സാമ്പത്തിക സഹായം

4798 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-പേമെന്റ് സംവിധാനം വഴി വിവിധ പദ്ധതികൾക്കായി വിതരണം ചെയ്യേണ്ട എത്ര തുകയാണ് കർഷകരുടെ അക്കൗണ്ടിലെത്താതെ ബാങ്കുകളിൽ കെട്ടികിടക്കുന്നത്; ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ഈ സാമ്പത്തിക വർഷം കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കുമായി എത്ര തുകയാണ് ജില്ലകളിലെ ബാങ്കുകൾക്ക് കൃഷി വകുപ്പ് നൽകിയത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിൽ ഇ-പേയ്മെന്റ് സംവിധാനം</u>

4799 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിവകുപ്പ് ഇ-പേയ്മെന്റ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വയനാട് ജില്ലയിൽ ഇ-പേയ്മെന്റ് സംവിധാനം കാര്യക്ഷമമായി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദമാക്കുമോ ;

(സി) ജില്ലയിൽ ഇ-പേയ്മെന്റ് സംവിധാനത്തിൽ എത്ര കർഷകർ അംഗങ്ങളായിട്ടുണ്ട് എന്നതിന്റെ വിശദാംശം താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>നെല്ലുൽപാദനത്തിന് ഉൽപാദന ബോണസ്</u>

4800 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം നെൽകൃഷി വർദ്ധിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി എത്ര മാത്രം നെല്ല് അധികമായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞു; വിശദവിവരം നൽകുമോ;

(ബി) നെല്ലുല്പാദനത്തിന് ഉല്പാദന ബോണസ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ

4801 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 9.63 ശതമാനത്തിൽ നിന്നും ഉയർത്തി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചുവെന്ന് വിശദീകരിക്കാമോ;

(ബി) ഇതിനായി 2011-12, 2012-13, 2013-14 വർഷങ്ങളിലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും അതത് വർഷങ്ങളിലുണ്ടായ ചെലവ് എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഓരോ വർഷവും നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അളവ് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

സഹകരണ സ്ഥാപനങ്ങളിലൂടെ നെൽസംഭരണ രജിസ്ട്രേഷൻ

4802 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽസംഭരണത്തിന്റെ രജിസ്ട്രേഷൻ കാനറാ ബാങ്കിലൂടെയും സഹകരണ ബാങ്കിലൂടെയും നടത്താമെന്ന കൃഷി വകുപ്പിന്റെ തീരുമാനം കൃഷിക്കാരിൽ ആശയക്കുഴപ്പം സൃഷ്ടിച്ചിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ കൃഷിക്കാർ ഏറ്റവും കൂടുതലായും പ്രാഥമികമായും ആശ്രയിക്കുന്ന സഹകരണ ബാങ്കുകളേയും സഹകരണ സ്ഥാപനങ്ങളെയും മാത്രമായി ഇതിനായി തെരഞ്ഞെടുക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

കോൾ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച്

4803 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾ മേഖലയിൽ കെ.എൻ.ഡി.സി. ബണ്ട് നിർമ്മാണത്തിനുവേണ്ടി കർഷകരിൽനിന്ന് ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരത്തുക നൽകുന്നതിന് രണ്ടുകോടി രൂപ അനുവദിക്കുമെന്ന 07.12.2011 -ലെ മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെടുത്ത തീരുമാനം പ്രാവർത്തികമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>കോൾ കർഷകരുടെ പ്രശ്നങ്ങൾ - മന്ത്രിതല യോഗ തീരുമാനങ്ങൾ</u>

4804 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾ കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 07.12.11ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) പ്രധാനപ്പെട്ട തീരുമാനങ്ങൾ ഏതെല്ലാം ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട് എന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് താലൂക്കിലെ വേങ്ങേരി, ചേവായൂർ, കോട്ടൂളി വില്ലേജുകളിലെ നെൽവയലുകളും തണ്ണീർത്തടങ്ങളും</u>

4805 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിലെ നെൽവയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ കൃഷിവകുപ്പിൽ ലഭ്യമാണോ;

(ബി) എങ്കിൽ വേങ്ങേരി, ചേവായൂർ, കോട്ടൂളി വില്ലേജുകളിലെ നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>കുളത്തൂർ ഏലായിലെ അടിസ്ഥാന സൗകര്യം</u>

4806 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൾ ഗ്രാമപഞ്ചായത്തിലെ കുളത്തൂർ ഏലായിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് 21.11.2013 -ന് മന്ത്രി മുഖേന നൽകിയ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണ ജോലിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ നാളിതുവരെ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുളളത്;

(സി) ഏലായുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഉതകുന്ന പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

തരിശ് നെൽപാടങ്ങൾ കൃഷിയോഗ്യമാക്കാൻ പ്രോത്സാഹനം

4807 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽപ്പാടങ്ങൾ തരിശ് കിടക്കുന്നത് കൃഷി യോഗ്യമാക്കുന്നതിലേക്ക് കർഷകരെ പ്രോത്സാഹിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിലേയ്ക്ക് വാട്ടറിംഗ്, ഡി-വാട്ടറിംഗ് എന്നിവക്ക് മോട്ടോർ പ്രവർത്തിപ്പിക്കുവാൻ കർഷകർക്ക് സൗജന്യമായി വൈദ്യുതി നല്കുന്നത് ഉൾപ്പെടെ കാർഷിക മേഖലയെ പരിപോഷിപ്പിക്കുവാൻ കൂടുതൽ ആനുകൂല്യങ്ങൾ നല്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>നെല്ല് ഉല്പാദനം</u>

4808 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എം. ചന്ദ്രൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അരിയുടെ ആവശ്യകതയും നെല്ലിന്റെ ലഭ്യതയും സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; നെല്ലിന്റെ ഉലാപ്ദന വർദ്ധനക്കായി അവശേഷിക്കുന്ന നെൽകൃഷിക്ക് അനുയോജ്യമായ ഭൂമി മുഴുവനും അതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശമുണ്ടോ; പ്രതീക്ഷയ്ക്കൊത്ത് നെല്ല് ഉല്പാദനം ഉണ്ടാകാത്തതിന്റെ കാരണം വെളിപ്പെടുത്താമോ;

(ബി) എങ്കിൽ അതിനായുള്ള കർമ്മപദ്ധതി എന്താണെന്ന് വിശദമാക്കാമോ; നെൽക്കർഷകരെ പ്രോത്സാഹിപ്പിക്കാൻ പുതിയ പദ്ധതികൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കുറ്റ്യാടി മണ്ഡലം നെൽകൃഷി വികസനപദ്ധതി</u>

4809 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ നെൽകൃഷി വികസനത്തിന് തയ്യാറാക്കിയ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര രൂപയുടെ പദ്ധതിയാണെന്നും, പദ്ധതി നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>പുഞ്ച സബ്സിഡിക്ക് ശ്രീ. കെ. ടി. തോമസ്, കല്ലറ സമർപ്പിച്ച അപേക്ഷ</u>

4810 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി സംരക്ഷിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) കൃഷിനാശം സംഭവിച്ച പാടശേഖരങ്ങൾക്കുള്ള സബ്സിഡി സമയബന്ധിതമായി കൊടുത്തുതീർക്കുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) കർഷകരുടെ പുഞ്ച സബ്സിഡി കോട്ടയം ജില്ലയിൽ ഏതെല്ലാം പാടശേഖരങ്ങൾക്കാണ് ഈ സാമ്പത്തിക വർഷം നൽകിയിരിക്കുന്നത്; ഇനി ഏതെല്ലാം പാടശേഖരങ്ങൾക്ക് നൽകുവാനുണ്ട്;

(ഡി) പുഞ്ച സബ്സിഡിയ്ക്കുവേണ്ടി ശ്രീ. കെ. ടി. തോമസ്, കല്ലറ സമർപ്പിച്ച ഐ.എഫ്.എ3/24019/13 നമ്പർ ഫയലിൽ എന്ത് തീരുമാനമെടുത്തു എന്ന് വ്യക്തമാക്കാമോ; ഈ സബ്സിഡി എന്നത്തേയ്ക്ക് കൊടുക്കാനാകും എന്നറിയിക്കാമോ; പ്രസ്തുത ഫയലിൽ തീരുമാനം എടുക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്
<u>വിത്തുതേങ്ങയുടെ ഗുണനിലവാരം</u>

4811 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് ശേഖരിക്കുന്ന വിത്തുതേങ്ങയുടെ ഗുണനിലവാരം സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) വിത്തുതേങ്ങയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നൂതന സങ്കേതങ്ങളാണ് നിലവിലുള്ളത് ;

(സി) ഗുണനിലവാരമുള്ളതും ഉയരം കുറഞ്ഞതുമായ തെങ്ങുകൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അവ കർഷകർക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

കൊപ്ര സംഭരണം

4812 ശ്രീ. എ. റ്റി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊപ്ര സംഭരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇവ സംഭരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) എത്ര രൂപ നിരക്കിലാണ് ഇവ സംഭരിക്കുന്നത്; വിശദമാക്കുമോ;

(ഡി) കൊപ്ര സംഭരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

**വെള്ളായണി കാർഷിക കോളേജിന്റെ വിപണ കേന്ദ്രം മുഖേനയുള്ള തെങ്ങിൻ തൈ വിൽപ്പന**

4813 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെളളായണി കാർഷിക കോളേജിന് അനുബന്ധമായ വിപണന കേന്ദ്രത്തിൽ നിന്നും ഏതൊക്കെ ഇനം തെങ്ങിൻ തൈകളാണ് വിൽപ്പന നടത്തുന്നത്;

(ബി) ഓരോ ഇനം തെങ്ങിൻ തൈയ്ക്കും ഈടാക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) കൃഷി ഭവനുകൾ വഴി അത്യുൽപാദന ശേഷിയുളള തെങ്ങിൻ തൈകൾ കൂടുതലായി കർഷകരിലേയ്ക്കെത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>തെങ്ങുകൾക്ക് പടർന്നുപിടിക്കുന്ന രോഗബാധകൾ നിയന്ത്രിക്കുന്നതിന് നടപടി</u>

4814 ശ്രീ. കെ. എൻ. എ. ഖാദർ
,, കെ. എം. ഷാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങുകൾക്ക് പടർന്നുപിടിക്കുന്ന രോഗബാധകൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഇതുവരെ കണ്ടെത്തിയ പ്രധാന രോഗബാധകളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) മധ്യകേരളത്തിലും ദക്ഷിണ കേരളത്തിലും മലബാർ മേഖലയിലും വ്യത്യസ്ത തരം രോഗബാധയാണുണ്ടാകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുമൂലം നാളീകേര ഉല്പാദനത്തിലുണ്ടായ ഇടിവ് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>തെങ്ങു സംരക്ഷണം</u>

4815 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങുകൾ പലതരം രോഗങ്ങളാൽ നശിച്ചുപോകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും തെങ്ങുസംരക്ഷണത്തിന് എത്ര തുക വകയിരുത്തി; അതിൽ എത്ര തുക ചെലവാക്കി; എത്ര തുക ലാപ്സായി; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതിനായി 2013-14 നടപ്പുവർഷം എത്ര തുക വകയയിരുത്തി; എത്ര തുക നാളിതുവരെ ചിലവഴിച്ചു; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്താകമാനം ഏകദേശം എത്ര തെങ്ങുകൾ ഉണ്ടായിരുന്നതായിട്ടാണ് സർക്കാർ മനസ്സിലാക്കിയിട്ടുളളത്; ആയത് ഇപ്പോൾ എത്ര; വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് രോഗബാധയേറ്റ ശരാശരി എത്ര തെങ്ങുകൾ ഓരോ ദിവസവും മുറിച്ചുമാറ്റുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിച്ച് അതിനുളള കാരണം കണ്ടെത്തുമോ; വിശദമാക്കുമോ;

(എഫ്) കേര കർഷകരെ രക്ഷിക്കാൻ സങ്കരയിനം തെങ്ങിൻതൈകൾ ഉല്പാദിപ്പിച്ചു വിതരണം ചെയ്യുവാനുളള പോളൻ ബാങ്ക് പദ്ധതിക്കായി സർക്കാർ 2013-14 ബജറ്റിൽ എത്ര തുക പ്രഖ്യാപിച്ചു; നാളിതുവരെ എത്ര തുക അനുവദിച്ചു; അതിൽ എത്ര തുക ചിലവഴിച്ചു; എത്ര തെങ്ങിൻതൈകൾ ഉല്പാദിപ്പിച്ചു; എത്ര കർഷകർക്ക് നൽകി; വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**
<u>കൂമ്പുചീയൽ രോഗത്തിന് പ്രതിവിധി</u>

4816 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തെങ്ങുകൾ വ്യപകമായി കൂമ്പുചീയൽ രോഗം ബാധിച്ച് നശിച്ച കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തെങ്ങുകളാണ് ഇത്തരത്തിൽ നശിച്ചിട്ടുള്ളതെന്ന കണക്കുകൾ ലഭ്യമാക്കാമോ;

(സി) കാർഷിക ഗവേഷണ രംഗത്തെ സർക്കാരിന്റെ ഏതെങ്കിലും ഗവേഷണ പദ്ധതികൾ ഈ രോഗത്തിന് പ്രതിവിധി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

അടയ്ക്കാ നിരോധനം - കർഷക പ്രതിസന്ധിയ്ക്ക് പരിഹാര നടപടി

4817

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറ്റവും കൂടുതൽ കവുങ്ങ് കൃഷി ചെയ്യുന്ന ജില്ലകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; ഓരോ ജില്ലയിലെയും കർഷകരുടെ വിശദാംശങ്ങൾ പ്രത്യേകം വിശദമാക്കാമോ;

(ബി) അടക്കാകൃഷി നിരോധിക്കാനുള്ള കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നീക്കം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഈ നീക്കം അടക്കാ കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ച് തലമുറകളായി കൃഷി ചെയ്തുവരുന്ന കാസർഗോഡ് ജില്ലയിലെ ലക്ഷക്കണക്കിന് കുടുംബങ്ങളെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) എങ്കിൽ കവുങ്ങ് കർഷകരിൽ ഉണ്ടായിട്ടുള്ള ആശങ്ക അകറ്റുന്നതിന് എന്തെങ്കിലും നടപടി ഉണ്ടാകുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>വിഷാംശം കലർന്ന പച്ചക്കറികൾ</u>

4818 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികൾ അപകടകരമാം വിധം വിഷാംശങ്ങളും കീടനാശിനികളും കലർന്നതാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധമായി എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) നിലവിൽ പച്ചക്കറികളിലെ വിഷാംശം കണ്ടെത്താൻ എന്തെല്ലാം മാർഗ്ഗങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിലുള്ള പച്ചക്കറികൾ സംസ്ഥാനത്ത് വിൽക്കുന്നത് തടയാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത നേടുന്നതിന് പഞ്ചായത്തുകൾ തോറും തരിശുഭൂമികളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>സൂക്ഷ്മ കൃഷി സമ്പ്രദായം</u>

4819 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് സൂക്ഷ്മ കൃഷി സമ്പ്രദായം നടത്തുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ കൃഷി രീതി പരമ്പരാഗത കൃഷിക്കാർക്ക് നടത്താൻ കഴിയാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിൽ ഹൈ - ടെക് കൃഷി</u>

4820

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈ-ടെക് കൃഷി പദ്ധതി ഏതൊക്കെ സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ഏതൊക്കെ മണ്ഡലങ്ങളിലെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് എത്ര ഹൈ-ടെക് കൃഷിഫാമുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; ഹൈ-ടെക് കൃഷി ഫാമുകൾ നിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിൽ ഹൈ-ടെക് കൃഷി</u>

4821 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈ-ടെക് ഹരിതഗ്രാമങ്ങൾക്കായി 2013-14 ബജറ്റിൽ എത്ര തുക വകിയിരുത്തിയിട്ടുണ്ട് ;

(ബി) നാളിതുവരെ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച തുക ജില്ലാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ ;

(സി) ആലപ്പുഴ ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിൽ ഹൈ-ടെക് ഹരിതഗ്രാമങ്ങൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>ഹൈടെക് കൃഷി വ്യാപകമാക്കാൻ നടപടി</u>

4822 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈടെക് കൃഷി വ്യാപകമാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം കൃഷിക്കാണ് പ്രസ്തുത സാങ്കേതികവിദ്യ ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഗ്രീൻ ഹൗസ് നിർമ്മാണവുമായി ബന്ധപ്പെട്ട കർഷകർക്ക് ഏതെല്ലാം വിധത്തിലുള്ള സാമ്പത്തിക സഹായങ്ങളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>പച്ചക്കറി വികസനത്തിനായി രൂപീകരിച്ച 'എ' ഗ്രേഡ് ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങൾ</u>

4823 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി വികസനത്തിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള 'എ' ഗ്രേഡ് ക്ലസ്റ്ററുകൾ വഴിയുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ടിട്ടുള്ള 100 'എ' ഗ്രേഡ് ക്ലസ്റ്ററുകളുടെ ജില്ലതിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിൽ ഈ ക്ലസ്റ്ററുകൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ പച്ചക്കറി ഉപയോഗം</u>

4824 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പച്ചക്കറിയുടെ വാർഷിക ഉപഭോഗം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നമ്മുടെ ആവശ്യത്തിനുള്ള മുഴുവൻ പച്ചക്കറിയും ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) തികയാതെ വരുന്ന പച്ചക്കറി അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നത് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും അമിതമായി കീടനാശിനി പ്രയോഗിച്ച പച്ചക്കറികൾ കൊണ്ടുവരുന്നത് നിയന്ത്രിക്കുന്നതിനായി സംസ്ഥാന കൃഷിവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ഇ) എൻഡോസൾഫാൻ തളിച്ച പച്ചക്കറികൾ അയൽസംസ്ഥാനങ്ങളിൽ നിന്നും വരുന്നത് ശാസ്ത്രീയമായി പരിശോധിച്ച് തിരിച്ചയ്ക്കുന്നതിന് കൃഷി വകുപ്പ് അതിർത്തി ചെക്ക് പോസ്റ്റുകളിൽ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കശുമാവ് കൃഷിക്കായുള്ള ഭൂമി</u>

4825 ശ്രീ. പി. കെ. ഗുരുദാസൻ
,, സി. കൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടണ്ടിയുടെ ആവശ്യവും ലഭ്യതയും സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇവയുടെ ആവശ്യവും ലഭ്യതയും തമ്മിലുള്ള വിടവ് നികത്തുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതിന്റെ ഭാഗമായി കശുമാവ് കൃഷിയുള്ള ഭൂമിയുടെ വിസ്തീർണ്ണവും കശുവണ്ടി ഉല്പാദനവും വർദ്ധിപ്പിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) കശുമാവ് കൃഷിയുടെ പേരിൽ ഉയർന്ന ഭൂപരിധിയിൽ നിന്നും ഒഴിവ് സംഘടിപ്പിച്ച് ഭൂമി കൈവശം വയ്ക്കുന്നവരിൽ എത്ര ശതമാനം പേർ എത്ര ശതമാനം ഭൂമിയിൽ കശുമാവ് കൃഷി ചെയ്തുവരുന്നുണ്ടെന്ന് കൃഷിവകുപ്പ് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) കശുവണ്ടിയുടെ പേരിൽ ഭൂമി കൈവശം വച്ചിട്ടും അത് കൃഷി ചെയ്യാത്തവർക്കെതിരെ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു; വിശദമാക്കാമോ ;

(ഇ) അടുത്ത വർഷങ്ങളിലെ കശുവണ്ടിയുടെ ഉല്പാദനലക്ഷ്യം വിശദമാക്കാമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>മരച്ചീനികൃഷി വ്യാപകമാക്കാൻ നടപടി</u>

4826 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഏക്കറിൽ മരച്ചീനി കൃഷി ചെയ്യുന്നുണ്ട്;

(ബി) ആയതിന്റെ ഒരു വർഷത്തെ മൊത്തം ഉൽപ്പാദനം എത്ര ക്വിന്റൽ ആണ്;

(സി) മരച്ചീനി കൂടുതൽ സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ഹോര്‍ട്ടികോര്‍പ്പിന്റെ വില്‍പനശാലകളില്‍ പച്ചക്കറിക്ക് വിലകൂട്ടി വില്‍പന</u>

4827 ശ്രീ. ജി. സുധാകരന്‍
,, ബി. സത്യന്‍
,, സാജുപോള്‍
,, കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുവിപണിയിലെ വിലയെക്കാളുമധികമായ നിരക്കിലാണ് ഹോര്‍ട്ടികോര്‍പ്പിന്റെ വില്‍പനശാലകളില്‍ പച്ചക്കറി വില്‍പന നടത്തുന്നതെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരമുള്ള പദ്ധതികൾ

4828 ശ്രീ. സി. കെ. വേണു
,, മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; പദ്ധതികളുടെ വിശദവിവരങ്ങൾ നൽകുമോ ;

(ബി) സംസ്ഥാനം എന്തൊക്കെ പ്രൊപ്പോസലുകളാണ് കേന്ദ്രത്തിന് സമർപ്പിച്ചിരുന്നത് ; അതിൽ അംഗീകരിച്ചത് ഏതെല്ലാം ; അംഗീകരിക്കാത്തത് ഏതെല്ലാം ;

(സി) നടപ്പു വർഷം ഏതെല്ലാം പദ്ധതികളാണ് അംഗീകരിച്ചിട്ടുള്ളത് ; അത് ഈ സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>തൃക്കാക്കരയിൽ ഹോർട്ടികൾച്ചറൽ ശീതീകരണ മാർക്കറ്റ്</u>

4829 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കരയിൽ ഹോർട്ടികൾച്ചറൽ ശീതീകരണ മാർക്കറ്റ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ;

(ബി) തൃക്കാക്കര പ്രദേശത്ത് വി.എഫ്.പി.സി.കെ.യുടെ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

ചേലക്കര മണ്ഡലത്തിൽ പഴം-പച്ചക്കറി -ഉത്പാദന-സംഭരണ -സംസ്കരണ വിപണനകേന്ദ്രം

4830 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ ചേലക്കര മണ്ഡലത്തിൽ ഒരു പഴം-പച്ചക്കറി-ഉൽപാദന-സംഭരണ-സംസ്കരണ വിപണനകേന്ദ്രം ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിരുന്നതായി അറിയുമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തനം ആരംഭിക്കുവാൻ തത്വത്തിൽ അംഗീകരിച്ച ഈ പദ്ധതി ഇനിയും വൈകുന്നതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഈ മേഖലയിലെ കൃഷിക്കാർക്ക് വളരെയധികം പ്രയോജനം ചെയ്യുന്ന ഈ പദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

കൊല്ലം ജില്ലയിലെ ഗ്രോബാഗ് പദ്ധതി

4831 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് കൊല്ലം ജില്ലയിലെ കൃഷി ഭവനുകൾ മുഖാന്തിരം നടപ്പിലാക്കിയ പച്ചക്കറി കൃഷിക്കു വേണ്ടിയുളള ഗ്രോബാഗ് പദ്ധതിയിൽ വ്യാപകമായ ക്രമക്കേടും അഴിമതിയും നടന്നുവെന്നുളള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ നടന്ന ക്രമക്കേടുകൾ അന്വേഷിക്കണമെന്ന് കൊല്ലം ജില്ലാ വികസന സമിതിയിൽ നിയമസഭാ സാമാജികർ ആവശ്യപ്പെട്ടിരുന്നുവോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത്;

(സി) ജില്ലാ വികസന സമിതിയിലെ ആവശ്യപ്രകാരം പോലീസ് വകുപ്പിന്റെയോ കൃഷിവകുപ്പിന്റെയോ ഏതെങ്കിലും വിഭാഗം അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ് അന്വേഷിക്കുന്നതെന്നും, അന്വേഷണ പുരോഗതിയും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിലും ഉല്പാദനോപാദികളുടെ ശേഖരണത്തിലും നടത്തിയിട്ടുളള ക്രമക്കേടുകൾ അന്വേഷിക്കുവാൻ സന്നദ്ധമാകുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>നെടുമുടി കല്ലമ്പിള്ളി പാടശേഖരത്തിന്റെ പുറംബണ്ട് നിർമ്മാണം</u>

4832 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി കുട്ടനാട് താലൂക്കിൽപ്പെട്ട നെടുമുടി പഞ്ചായത്തിലെ കല്ലമ്പിള്ളി പാടശേഖരത്തിന്റെ പുറംബണ്ട് നിർമ്മാണം ഏതു ഘട്ടം വരെയായി;

(ബി) പ്രസ്തുത ബണ്ടിന്റെ നിലവിലുള്ള നിർമ്മാണ പ്രവൃത്തികൾ ഏതുഭാഗം മുതൽ ഏതുഭാഗം വരെ നിർമ്മിക്കാനാണ് നിശ്ചയിച്ചിരുന്നതെന്നും, നിർമ്മാണ പ്രവൃത്തികൾ എത്രത്തോളം പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പുറംബണ്ട് നിർമ്മാണ പ്രവൃത്തികൾ കുറ്റമറ്റ രീതിയിലാണോ നടക്കുന്നത്; ആയത് നിരീക്ഷിക്കുന്നതിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

പയ്യന്നൂർ ''രാജഗിരി വാട്ടർഷെഡ് പദ്ധതി''

4833 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ 'രാജഗിരി വാട്ടർഷെഡ് പദ്ധതി'യുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി നൽകി എപ്പോൾ നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>സഹസ്ര സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തിയ</u>
<u>ആരൂർകോണം ചിറയുടെ നവീകരണം</u>

4834 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹസ്ര സരോവർ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിച്ചത് ഏതുവർഷം മുതലാണ്;

(ബി) ഒന്നാം ഘട്ടത്തിൽ എത്ര കുളങ്ങളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; അവ ഏതെല്ലാമാണ്; പ്രസ്തുത കുളങ്ങളുടെ നവീകരണം ആരംഭിച്ചിട്ടുണ്ടോ; നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലേയ്ക്ക് നിർദ്ദേശിച്ച കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വെളിയം ഗ്രാമപഞ്ചായത്തിലെ 'ആരൂർകോണം' ചിറയുടെ നവീകരണം എന്നത്തേയ്ക്ക് ആരംഭിക്കും; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>ചാത്തന്നൂർ മണ്ഡലത്തിലെ മണ്ണ് സംരക്ഷണ പദ്ധതികൾക്ക് ഭരണാനുമതി</u>

4835 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ണ് സംരക്ഷണ പ്രവർത്തനവുമായി ബന്ധപ്പെട്ട എത്ര പദ്ധതികൾ അംഗീകാരത്തിന് വേണ്ടി കൊല്ലം ജില്ലയിൽ നിന്നും നൽകിയിട്ടുണ്ടെന്നും അത് ഏതൊക്കെയാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ എത്ര പദ്ധതികൾ ഉൾപ്പെട്ടിരുന്നുവെന്നും അതിൽ ഏതൊക്കെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്നും വ്യക്തമാക്കുമോ;

(സി) ചാത്തന്നൂർ മണ്ഡലത്തിലേക്കുള്ള പദ്ധതികൾക്ക് ഒന്നുംതന്നെ ഭരണാനുമതി നൽകിട്ടില്ലായെങ്കിൽ ആയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കാസറഗോഡ് ജില്ലയിൽ കൃഷി ഓഫീസർമാരെ</u>
<u>നിയമിക്കാൻ നടപടി</u>

4836

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിൽ സ്ഥിരമായി കൃഷി ഓഫീസർമാർ ഇല്ലാത്ത എത്ര കൃഷിഭവനുകൾ ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇവിടങ്ങളിൽ കൃഷി ഓഫീസർമാരെ നിയമിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

കൃഷി അസിസ്റ്റന്റ് ഗ്രേഡ്-II ന്റെ ഒഴിവുകൾ നികത്താൻ നടപടി

4837 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി അസിസ്റ്റന്റ് ഗ്രേഡ് -II ന്റെ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് ജില്ല തിരിച്ച കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ഒഴിവുകൾ നികത്തുന്നതിനായി നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

കർഷകരുടെ മാതൃകാ സംരംഭങ്ങൾക്ക് പ്രോൽസാഹനം

4838

ശ്രീ. എം. എ. വാഹീദ്
,, വി. റ്റി. ബൽറാം
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് കർഷകരുടെ മാതൃകാ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിയനുസരിച്ച് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

മൃഗസംരക്ഷണ വകുപ്പ് മുഖേന വനിതകൾക്ക് ധനസഹായം നൽകുന്ന പദ്ധതി

4839 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' ആർ. സെൽവരാജ്
'' വർക്കല കഹാർ
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽപ്പെടുത്തി വനിതകൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം ധനസഹായങ്ങളാണ് വനിതകൾക്ക് നൽകുന്നത്; വിശദമാക്കുമോ?

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>കന്നുകുട്ടി പരിപാലന പദ്ധതി</u>

4840 ശ്രീ. പാലോട് രവി
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് കന്നുകുട്ടി പരിപാലന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>കാലിത്തീറ്റ വിതരണ പദ്ധതി</u>

4841 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഐ. സി. ബാലകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് കാലിത്തീറ്റ വിതരണ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

മൃഗസംരക്ഷണ വകുപ്പിനു കീഴിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ

4842 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗ സംരക്ഷണ വകുപ്പിനുകീഴിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താക്കൾ എത്ര ; എന്തു തുക ചിലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>

4843

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിലേയ്ക്കായി എന്തു തുക ചിലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2013-14 സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പ് മുഖേന അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>

4844 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കൊട്ടാരക്കര, മൈലം, കുളക്കട, നെടുവത്തൂർ, എഴുകോൺ, കരീപ്ര, വെളിയം, ഉപ്പന്നൂർ പഞ്ചായത്തുകളിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ആയതിലേയ്ക്കായി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നും എത്ര തുക ചിലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>കുളമ്പ് രോഗംമൂലമുള്ള നഷ്ടം</u>

4845 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളമ്പ് രോഗം പിടിപെട്ട് സംസ്ഥാനത്ത് 2014 ജനുവരി 15 വരെ എത്ര കന്നുകാലികൾ ചത്തു; ജില്ല തിരിച്ച് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിനുള്ളിൽ എത്ര കന്നുകാലികൾക്കാണ് രോഗം ബാധിച്ചത്; ജില്ല തിരിച്ച് തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് നാളിതുവരെ എന്തൊക്കെ ധനസഹായം നൽകി; എത്ര കർഷകർക്കാണ് ധനസഹായം നൽകിയത്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) കുളമ്പുരോഗം മൂലം മൃഗസംരക്ഷണ വകുപ്പിന് എത്ര തുകയുടെ പ്രത്യക്ഷ നഷ്ടം സംഭവിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത രോഗം പടർന്നു പിടിക്കുന്നതിന് കാലാവസ്ഥാ മാറ്റവും ആഗോള താപനവും കാരണമാകുന്നത് സംബന്ധിച്ച് പ്രൊഫ: ഷെൻ മലോണിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(എഫ്) പ്രസ്തുത രോഗം ജനവാസ മേഖലയുടെ പരിസരത്തിനടുത്ത വനമേഖലയെ ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ജി) മൃഗസംരക്ഷണ വകുപ്പിന് സംസ്ഥാന അതിർത്തികളിൽ എത്ര ചെക്ക് പോസ്റ്റുകളാണ് നിലവിലുള്ളത്; ഇതിൽ ഏതൊക്കെ ചെക്ക് പോസ്റ്റുകളിൽ വെറ്ററിനറി ഡോക്ടർ സേവനം നടത്തുന്നു; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കുളമ്പു രോഗത്തിനുള്ള പ്രതിരോധ വാക്സിൻ</u>

4846 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കന്നുകാലികൾക്കുള്ള കുളമ്പുരോഗ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി കേരളത്തിൽ ഉപയോഗിക്കപ്പെട്ട വാക്സിനുകളെ സംബന്ധിച്ച് ഉണ്ടായ വിവാദങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതു കമ്പനിയുടെ വാക്സിനുകളാണ് ഇതിനുവേണ്ടി ഉപയോഗിച്ചത് എന്നു പറയാമോ;

(സി) ഇവ സൂക്ഷിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ കേരളത്തിലെ എല്ലാ മൃഗാശുപത്രികളിലും ഐ. സി. ഡി. പി. സബ്സെന്ററുകളിലും ഉണ്ടോ;

(ഡി) ഒരു ബോട്ടിൽ വാക്സിൻ എത്ര കന്നുകാലികളിലാണ് ഉപയോഗിക്കുന്നത് എന്നും എത്ര അളവിലാണ് ഉപയോഗിക്കുന്നത് എന്നും പറയാമോ; ഉപയോഗിച്ചതിന്റെ ബാക്കി വാക്സിനുകൾ കേടാകാതെ സൂക്ഷിക്കാനും വീണ്ടും ഉപയോഗിക്കാനും പറ്റുന്നവയാണോ;

(ഇ) കന്നുകാലികളിൽ ഉപയോഗിക്കുന്ന പ്രതിരോധ വാക്സിനുകൾ കേരളത്തിലെ കന്നുകാലികളിൽ പരീക്ഷിച്ച് വിജയകരമാണെന്നു ബോധ്യമായതിനു ശേഷമാണോ വ്യപകമായി ഉപയോഗിക്കുന്നത് വിശദമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ കുളമ്പുരോഗം മൂലം മരണപ്പെട്ട കന്നുകാലികൾ</u>

4847

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളമ്പുരോഗം മൂലം പാലക്കാട് ജില്ലയിൽ എത്ര കന്നുകാലികൾ ഇതുവരെ മരണമടഞ്ഞിട്ടുണ്ട്; നിയോജക മണ്ഡലാടിസ്ഥാനത്തിൽ എണ്ണം വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കന്നുകാലികളുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; നിയോജകമണ്ഡലാടിസ്ഥാനത്തിൽ എണ്ണം ലഭ്യമാക്കാമോ;

(സി) മൃഗസംരക്ഷണ വകുപ്പ് നഷ്ടപരിഹാരം നൽകുന്നത് എത്ര തുകയാണ്; ക്ഷീരവികസനവകുപ്പ്, മിൽമ എന്നീ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകാറുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) നഷ്ടപരിഹാരത്തിനായി കന്നുകാലി ഉടമകൾ ആർക്കാണ് അപേക്ഷ നൽകേണ്ടത്; ആരാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്; ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) പാലക്കാട് ജില്ലയിൽ നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; മണ്ഡലാടിസ്ഥാനത്തിൽ എണ്ണം വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 05.02.2014-ലെ മറുപടിക്ക്

<u>അങ്കമാലി മണ്ഡലത്തിൽ കുളമ്പുരോഗം ബാധിച്ച കന്നുകാലികൾ</u>

4848 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളമ്പുരോഗം മൂലം ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ കുളമ്പുരോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എത്ര പശുക്കൾ പ്രസ്തുത രോഗത്താൽ മരണപ്പെട്ടിട്ടുണ്ട്; ഇത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) കുളമ്പുരോഗം മൂലം ക്ഷീരകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പശുക്കളെ വാങ്ങാനായി എടുത്ത ലോണുകൾ എഴുതി തള്ളുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കുളമ്പുരോഗം മൂലം കർഷകർ നേരിടുന്ന പ്രതിസന്ധികൾ കണക്കിലെടുത്ത് അയ്യമ്പുഴ പഞ്ചായത്തിലെ മൃഗാശുപത്രിയിൽ ഡോക്ടറെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; മാസങ്ങളായി ഒഴിഞ്ഞുകിടക്കുന്ന തസ്തികയിൽ ഡോക്ടറെ നിയമിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ; ഡോക്ടറെ എന്നത്തേക്ക് നിയമിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്
<u>പാലക്കാട് ജില്ലയിലെ ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ</u>

4849 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ക്ഷീര കർഷകരുടെ എത്ര പശുക്കളാണ് കുളമ്പ് രോഗം ബാധിച്ച് ചത്തത് എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ക്ഷീര കർഷകർക്കുള്ള നഷ്ടപരിഹാര തുക അടിയന്തരമായി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി എന്തെങ്കിലും പദ്ധതി നിലവിൽ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>കന്നുകാലി കുരലടപ്പ് രോഗം സംബന്ധിച്ചുള്ള വിദഗ്ധ പഠനം</u>

4850 ശ്രീ. വി. എസ്. സുനിൽ കുമാർ
'' ഇ. കെ. വിജയൻ
'' ചിറ്റയം ഗോപകുമാർ
'' ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടും കുരലടപ്പുരോഗം ബാധിച്ച് നിരവധി കന്നുകാലികൾ ചത്തൊടുങ്ങിയ സാഹചര്യത്തിൽ ഇതു സംബന്ധിച്ച് ഒരു വിദഗ്ധ പഠനം നടത്താൻ വേണ്ട നടപടി യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

2012 -ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ മാറ്റം

4851 ശ്രീ. റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 -ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 15 കോഴികളെ വളർത്താൻ ചുരുങ്ങിയത് ഒരു സെന്റ് സ്ഥലം വേണമെന്ന നിബന്ധന ഉണ്ടോ; എങ്കിൽ പ്രസ്തുത വ്യവസ്ഥ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുറച്ചുസ്ഥലത്ത്, വിവിധ തട്ടുകളിലായി കോഴികളെ വളർത്തി ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്ന രീതി വ്യാപകമാകുന്ന സാഹചര്യത്തിൽ, മേൽ ചട്ടങ്ങളിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിലുള്ള ചട്ടങ്ങൾ പ്രകാരം മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതൊഴികെ ഫാമുകളിൽ മറ്റ് നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സംസ്ഥാനമലിനീകരണനിയന്ത്രണബോർഡിന് അധികാരം നൽകിയിട്ടുണ്ടോ; എങ്കിൽ, എപ്രകാരമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

കോഴിമുട്ട/ഇറച്ചി ഉല്പാദനത്തിലെ സ്വയം പര്യാപ്തത

4852 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിമുട്ട ഉല്പാദനത്തിൽ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് എത്തിക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഇറച്ചിക്കോഴി ഉല്പാദനത്തിൽ സ്വയംപര്യാപ്തതയിൽ എത്തിയിട്ടുണ്ടോ ; പ്രതിദിനം സംസ്ഥാനത്തിനാവശ്യമായ കോഴി ഇറച്ചി എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) എത്രമാത്രമാണ് ഇതിന്റെ ഉല്പാദനം നടക്കുന്നത്; മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് എത്രമാത്രം കോഴിയിറച്ചിയാണ് പ്രതിദിനം കേരളത്തിലേക്ക് എത്തുന്നത് ; വിശദമാക്കാമോ ;

(ഡി) കോഴിയിറച്ചി ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചു വരുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്
## കോഴികളെ വളർത്തുന്നതിന് കർഷകർക്ക് നൽകുന്ന സഹായം

4853 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന ലോബികളുടെ പ്രവർത്തനം കാരണം കോഴി ഇറച്ചിക്ക് വിപണിയിൽ വിലവർദ്ധനവുണ്ടാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇറച്ചിക്കും, മുട്ടയ്ക്കും കോഴികളെ വളർത്തുന്നതിന് കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഫാമുകൾക്ക് ആവശ്യമായ കോഴികുഞ്ഞുങ്ങളെ അവിടെ തന്നെ ഉല്പാദിപ്പിക്കുവാനും, കോഴിതീറ്റകൾക്ക് സബ്സിഡി നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കോഴി ഫാമുകൾക്കുള്ള ലൈസൻസ്</u>

4854 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴി ഫാമുകൾക്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) പഞ്ചായത്തുകളും, മൃഗസംരക്ഷണ വകുപ്പും നിഷ്ക്കർഷിക്കുന്ന മാനദണ്ഡങ്ങളിൽ വ്യത്യാസം ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് മൂലം കർഷകർക്കുണ്ടാവുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) കോഴിവളർത്തൽ സംബന്ധിച്ചുള്ള വിഷയങ്ങൾ ഏത് ഡയറക്ടറേറ്റിന് കീഴിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കൊട്ടിയം കോഴിത്തീറ്റ നിർമ്മാണ ഫാക്ടറി</u>

4855 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കൊട്ടിയത്ത് സ്ഥാപിച്ചിട്ടുള്ള കോഴിത്തീറ്റ നിർമ്മാണ ഫാക്ടറിയിൽ എത്ര ടൺ തീറ്റ ഉൽപാദിപ്പിക്കുവാനുള്ള സ്ഥാപിത ശേഷിയാണ് നിലവിലുള്ളത്;

(ബി) നിലവിൽ പ്രതിമാസം എത്ര ടൺ തീറ്റ ഉൽപ്പാദിപ്പിക്കുന്നുവെന്ന് അറിയിക്കുമോ; പ്രസ്തുത ഉൽപ്പാദനം സ്ഥാപിത ശേഷിയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫാക്ടറിയിൽ ഉൽപ്പാദിപ്പിക്കുന്ന കോഴിത്തീറ്റ വിറ്റഴിക്കുവാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ഡി) മുൻകാലങ്ങളെ അപേക്ഷിച്ച് തീറ്റ ഉൽപ്പാദനം കുറവാണെങ്കിൽ ആയത് എന്ത്കൊണ്ടാണെന്ന് വ്യക്തമാക്കുമോ; ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കൊട്ടിയം താറാവ് വളർത്തൽ കേന്ദ്രം</u>

4856 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ കൊട്ടിയത്ത് സ്ഥാപിച്ചിട്ടുള്ള താറാവ് വളർത്തൽ കേന്ദ്രത്തിന്റെ നിലവിലുള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് താറാവ് കുഞ്ഞുങ്ങളുടെ ഉൽപ്പാദനം കാര്യമായി നടക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) വിപുലമായ സൗകര്യങ്ങളോടുകൂടി ആരംഭിച്ച താറാവ് വളർത്തൽ കേന്ദ്രം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>മണലൂർ നിയോജകമണ്ഡലത്തിലെ താറാവു കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ</u>

4857 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ അരിമ്പൂര് ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ കാലവർഷത്തോടെ വൻതോതിൽ താറാവുകൾ രോഗംമൂലം മരിച്ചതിനാൽ നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കർഷകർക്ക് അടിയന്തിരമായി നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യാ ലിമിറ്റഡ് മുഖേന വിപണനം നടത്തുന്ന ഉൽപ്പന്നങ്ങൾ</u>

4858 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡ് മുഖേന എന്തെല്ലാം ഉല്പന്നങ്ങളാണ് വിപണനം നടത്തുന്നത്; ഇവയുടെ 2011, 2012, 2013 വർഷങ്ങളിലെ വിറ്റുവരവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

പാലക്കാട് ജില്ലയിലെ മൃഗാശുപത്രികളിലെ വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകൾ

4859 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിവിധ മൃഗാശുപത്രികളിൽ ആവശ്യത്തിന് വെറ്ററിനറി ഡോക്ടർമാർ ഇല്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം മൃഗാശുപത്രികളിലാണ് നിലവിൽ വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രികളിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

ചാലക്കുടി വെറ്ററിനറി ഹോസ്പിറ്റൽ

4860 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി വെറ്ററിനറി ഹോസ്പിറ്റൽ വെറ്ററിനറി പോളി ക്ലിനിക്കായി അപ്ഗ്രേഡ് ചെയ്യുന്നതിനും അധിക തസ്തികകളും സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) 55 വർഷം പഴക്കമുള്ള നിലവിലെ കെട്ടിടത്തിനു പകരം ഒരു പുതിയ കെട്ടിടം അതേ കോമ്പൗണ്ടിൽത്തന്നെ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

2013-ൽ ഓണക്കാലത്ത് അച്ചടിവകുപ്പിലെ ജീവനക്കാരുടെ അലവൻസുകൾ

4861 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013-ൽ ഓണക്കാലത്ത്, അച്ചടിവകുപ്പിൽ പെർഫോർമൻസ് അലവൻസ്/ബോണസ്/ഫെസ്റ്റിവൽ അലവൻസ് എന്നിവ ലഭിക്കാത്ത എത്ര ജീവനക്കാരുണ്ടെന്നും അവരുടെ പേര്, തസ്തിക, ജോലി ചെയ്യുന്നലാവണം എന്നീ വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

വാഴൂർ സർക്കാർ പ്രസ്സിൽ ജീവനക്കാർ മദ്യപിച്ച കേസ്

4862 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഴൂർ സർക്കാർ പ്രസ്സിൽ ആറു ജീവനക്കാർ ഡ്യൂട്ടി സമയത്ത് സെക്ഷനുളളിൽ വച്ച് മദ്യപിച്ചുകൊണ്ടിരിക്കുന്നത് വിജിലൻസ് വിഭാഗം കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ വിജിലൻസ് വിഭാഗം എന്തെങ്കിലും നടപടിക്ക് ശുപാർശ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്മേൽ സ്വീകരിക്കപ്പെട്ടിട്ടുളള നടപടി എന്തൊക്കെയാണെന്നു വിശദമാക്കുമോ; ടി ഉദ്യോഗസ്ഥരുടെ പേര്, തസ്തിക എന്നീ വിവരങ്ങൾ വ്യക്തമാക്കുമോ?